മന്ദിര നിർമ്മാണപ്രവർത്തനങ്ങളും പലതും മുടങ്ങിക്കിടക്കുകയാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പണി മുടങ്ങിക്കിടക്കുന്ന ആ സ്കൂളുകളുടെ ഒരു ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. യു.പി.എസ്., കുഴിവിള.
2. യു.പി.എസ്., കാരോട്.
3. കൊറ്റി ജി.എച്ച്.എസ്., മണക്കാട്.
4. ജി.എച്ച്.എസ്., കുളത്തൂർ.
5. ജി.എച്ച്.എസ്., ഞെക്കാട്.
6. ജി.എച്ച്.എസ്., കല്ലറ.
7. ജി.എച്ച്.എസ്., നെയ്യാറിൻകര.
8. യു.പി.എസ്., പെരുംകുളം.

(പണിമുടങ്ങി ആർബിട്രേഷൻ സ്റ്റേറേജിനോടടുത്ത സ്കൂളുകളാണിവ)

തോട്ടട പോളിടെക്നിക് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണി

539. [739] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തോട്ടട പോളിടെക്നിക്ക് ഹോസ്റ്റൽ വാസയോഗ്യമല്ലാത്ത സ്ഥിതിയിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഹോസ്റ്റൽ വാസയോഗ്യമാക്കാനാവശ്യമായ പണികൾ പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നൽകുന്നതാണ്.

യൂത്ത് ക്ലബ്ബുകൾ

540. [740] ശ്രീ. പി. സീതി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾ തോറും യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് ഗവ: തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര യൂത്ത് ക്ലബ്ബുകളാണ് ഇതുവരെ രൂപീകരിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം പഞ്ചായത്തുകളിൽ ;

(ഡി) യൂത്ത് ക്ലബ് രൂപീകരിക്കുന്നതിനുവേണ്ടി എന്തെല്ലാം സഹായ സഹകരണങ്ങളാണ് ഗവൺമെന്റ് നൽകുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. എന്നാൽ വില്ലേജുകൾതോറും യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് ഗവൺമെൻറ് നടപടികൾ എടുത്തിട്ടുണ്ട്.

(ബി) 850.

(സി) വില്ലേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) യൂത്ത് ക്ലബ്ബുകൾ രജിസ്റ്റർ ചെയ്യുന്നതിനും ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വേണ്ട എല്ലാ സഹായങ്ങളും നൽകാൻ അതാതു എ. ഇ. ഒ. യുടെ കീഴിലുള്ള അസിസ്റ്റൻറ് യൂത്ത് വെൽഫെയർ ആഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ഓർഗനൈസർ ഫോർ യൂത്ത് ക്ലബ്ബ്സ് ഇക്കാര്യത്തിൽ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. രജിസ്റ്റർ ചെയ്ത ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് ഗവൺമെൻറ് ഗ്രാൻറു നൽകുന്നുണ്ട്.

ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ നിയമനം

541. [741] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ നിയമനം പി. എസ്. സിയ്ക്ക് വിടുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

യൂണിവേഴ്സിറ്റികളിലെ നിയമനം പി. എസ്. സി. യിലേക്ക് വിടാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

542. [742] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ നിലവിലുള്ള എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകളെത്രയാണെന്നു വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിന് ക്ലാർക്കുമാരില്ലാത്തതു കാരണം ഫയലുകൾ കെട്ടിക്കിടക്കുകയാണെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പി. എസ്. സി. റാങ്കു ലിസ്റ്റ് നിലവിലിരിക്കെ പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്താതിരിക്കുന്നതിന്റെ കാരണമെന്താണ്?

ഉത്തരം

(എ) 7.

(ബി) ഫയൽ കെട്ടിക്കിടക്കുന്നു എന്നു പറയുന്നതു ശരിയല്ല.

(സി) ഒഴിവുകൾ പി. എസ്. സിക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പി. എസ്. സി. യിൽ നിന്ന് അഡ്വൈസ് കിട്ടുന്മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly